LIBRARY ARCHIVES Kerala Legislative Assembly

ചന്ദ്രഗിരിപ്പുഴയിലെ മണൽ വാരൽ

159 (5244) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ചന്ദ്രഗിരിപ്പുഴയുടെ തീരങ്ങളിൽ നിലവിൽ എത്ര കടവുകൾ മണൽ വാരുന്നതിനായി അനുവദിച്ചിട്ടുണ്ട് ; ആയത് ആർക്കെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) ഈ കടവുകളിൽ നിന്ന് മണലെടുക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിക്കൊണ്ട് ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ ചന്ദ്രഗിരിപ്പുഴയുടെ തീരങ്ങളിൽ നിലവിൽ 15 കടവുകൾ താഴെപ്പറയുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്.

കാസർഗോഡ് നഗരസഭ	-	1 എണ്ണം
ചെങ്കള ഗ്രാമപഞ്ചായത്ത്	-	9 "
ചെമനാട് ഗ്രാമപഞ്ചായത്ത്	-	4 "
മുളിയാർ ഗ്രാമപഞ്ചായത്ത്	-	1 "

(ബി) സ.ഉ.(എം.എസ്.) നമ്പർ 228/15/റവ. തീയതി, 6-6-2015 പ്രകാരം ചന്ദ്രഗിരിപ്പുഴയിൽനിന്നും 3 വർഷത്തേക്ക് മണൽ വാരൽ നിരോധിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ചാലക്കുടിപ്പുഴയോരം കെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടി

160 (5245) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചാലക്കുടി കണ്ണമ്പുഴ ക്ഷേത്രക്കടവ്, പരിയാരം കപ്പേളക്കടവ്, കടപ്പുഴ ചെക്ക് ഡാമിനുതാഴെ ഭാഗം, കുന്നപ്പിള്ളി വട്ടുകയംഭാഗം എന്നിവിടങ്ങളിൽ പുഴയോരം കെട്ടിസംരക്ഷിക്കുന്നതിനായി റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും അനുമതി ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?